# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6264 — 20.11.2019 -ലെ മറുപടി

## അനധികൃത കുഴൽകിണർ നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.ടി.ബൽറാം<br>,, പി.ടി. തോമസ് | കെ. കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) |

**എ)** സംസ്ഥാനത്ത് പ്രതിവർഷം എത്ര കുഴൽ കിണറുകൾ നിർമ്മിക്കുന്നുണ്ടെന്നും ഇതിൽ ഭൂജല വകുപ്പ്, സ്വകാര്യ ഡ്രില്ലിംഗ് ഏജൻസികൾ എന്നിവർ നിർമ്മിക്കുന്നവ എത്രയെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ;

2018-19 സാമ്പത്തിക വർഷം ഭൂജലവകുപ്പ് വഴി നിർമ്മാണം നടത്തിയ കുഴൽക്കിണറുകളുടേയും, സ്വകാര്യ റിഗ്ഗുകൾ ഉപയോഗിച്ച് ടെൻഡർ വഴി ഭൂജലവകുപ്പ് നിർമ്മിച്ചതും, വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്വകാര്യ ഡ്രില്ലിംഗ് ഏജൻസികൾ നിർമ്മിച്ച കുഴൽക്കിണറുകളുടേയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജില്ല | ഭൂജലവകുപ്പ് നിർമ്മിച്ച കുഴൽക്കിണറുകൾ | സ്വകാര്യ ഡ്രില്ലിംഗ് ഏജൻസികൾ നിർമ്മിച്ച കുഴൽക്കിണറുകൾ (ടെൻഡർ വിളിച്ചവ) | സ്വകാര്യ ഡ്രില്ലിംഗ് ഏജൻസികൾ നിർമ്മിച്ച കുഴൽക്കിണറുകൾ രജിസ്റ്റർ ചെയ്തത് |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 181 | 28 | 0 |
| 2 | കൊല്ലം | 138 | 69 | 0 |
| 3 | പത്തനംതിട്ട | 66 | 18 | 0 |
| 4 | ആലപ്പുഴ | 156 | 20 | 22 |
| 5 | ഇടുക്കി | 32 | 249 | 0 |
| 6 | കോട്ടയം | 151 | 153 | 0 |
| 7 | എറണാകുളം | 26 | 0 | 69 |
| 8 | തൃശ്ശൂർ | 96 | 117 | 0 |
| 9 | പാലക്കാട് | 13 | 25 | 0 |
| 10 | മലപ്പുറം | 34 | 148 | 148 |
| 11 | കോഴിക്കോട് | 71 | 14 | 51 |
| 12 | വയനാട് | 79 | 2 | 108 |
| 13 | കണ്ണൂർ | 2 | 77 | 151 |
| 14 | കാസർഗോഡ് | 28 | 67 | 366 |
|  | ആകെ | 1073 | 987 | 915 |

ബി) സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള സ്വകാര്യ റിഗ്ഗുകൾ എത്രയെന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ; ഇങ്ങനെ രജിസ്റ്റർ ചെയ്യുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം;

ബി)

| ക്രമ നമ്പർ | ജില്ല | ഭൂജലവകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്വകാര്യ റിഗ്ഗുകളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 27 |
| 2 | കൊല്ലം | 21 |
| 3 | പത്തനംതിട്ട | 5 |
| 4 | ആലപ്പുഴ | 4 |
| 5 | ഇടുക്കി | 25 |
| 6 | കോട്ടയം | 19 |
| 7 | എറണാകുളം | 5 |
| 8 | തൃശ്ശൂർ | 27 |
| 9 | പാലക്കാട് | 25 |
| 10 | മലപ്പുറം | 62 |
| 11 | കോഴിക്കോട് | 10 |
| 12 | വയനാട് | 10 |
| 13 | കണ്ണൂർ | 38 |
| 14 | കാസർഗോഡ് | 68 |
| | ആകെ | 346 |

സ്വകാര്യ കുഴൽക്കിണർ നിർമ്മാതാക്കൾക്ക് രജിസ്ട്രേഷൻ നൽകുന്നതുമായി ബന്ധപ്പെട്ട് ഭൂജല വകുപ്പ് ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ 07.07.2015 തീയതിയിലെ 24952/ഭൂജല I/14/ജവിവ നമ്പർ സർക്കുലർ പ്രകാരം നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

1. കേരളത്തിൽ സ്ഥിരതാമസമായുള്ളവർ 2.Voter ID Card/Aadhaar Card എന്നിവയുള്ളവർ, 3 വർഷം പ്രവർത്തി പരിചയമുള്ളവർ, സർക്കാർ നിർദ്ദേശിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കുന്ന എല്ലാ വ്യക്തികൾക്കും എജൻസികൾക്കും ലൈസൻസ് നൽകുന്നതാണ്.

2. ഡ്രില്ലിംഗ് ഏജൻസികൾക്ക് സ്വന്തമായ ഡ്രില്ലിംഗ് ഏർപ്പെടുത്താവുന്നതാണ്. ഈ എജൻസികൾക്ക് സ്വന്തമായ റിഗ്ഗുകളോ, വാടകയ്ക്ക് ലഭ്യമാകുന്നവയോ ഉപയോഗിക്കാവുന്നതാണ്. ഏജൻസി രജിസ്ട്രേഷന് 50,000/- രൂപയും, ഒന്നിൽ കൂടുതൽ റിഗ്ഗുകൾ ഉപയോഗിക്കുന്നതിന് 10,000/- രൂപയും രജിസ്ട്രേഷൻ ഫീസായി നിശ്ചയിച്ചിരിക്കുന്നു. ഒരു

| | | | |
|---|---|---|---|
| | | | ഏജൻസിയ്ക്ക് പരമാവധി മൂന്ന് റിഗ്ഗുകൾ വരെ രജിസ്റ്റർ ചെയ്യാവുന്നതാണ്. വർഷം തോറും രജിസ്ട്രേഷൻ പുതുക്കേണ്ടതാണ്. രജിസ്ട്രേഷൻ പുതുക്കുന്നതിനായി 5,000/- രൂപ ഫീസ് നിശ്ചയിച്ചിട്ടുണ്ട്.<br>3. കോസ്റ്റൽ ബൽറ്റുകളിൽ കൈകൊണ്ട് പ്രവർത്തിപ്പിക്കുന്ന ഫിൽറ്റർ പോയിന്റ് യൂണിറ്റുകളുടെ രജിസ്ട്രേഷൻ ഫീസ് 10,000/- രൂപയായി നിശ്ചയിച്ചിരിക്കുന്നു.<br>4. കുഴിക്കുന്ന കിണറിന്റെ കണക്കുകൾ മൂന്നു മാസത്തിൽ ഒരിക്കൽ അതോറിറ്റിക്ക് നൽകേണ്ടതാണ്. |
| സി) | സ്വകാര്യറിഗ്ഗുകൾ നിർമ്മിക്കുന്ന കുഴൽ കിണറുകൾ സംബന്ധിച്ച വിവരം ഭൂജല വകുപ്പിന് സമർപ്പിക്കാറുണ്ടോ; ഇല്ലെങ്കിൽ ഇവർക്കെതിരെ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാം; | സി) | സമർപ്പിക്കാറുണ്ട്. |
| ഡി) | രജിസ്റ്റർ ചെയ്യാത്ത സ്വകാര്യ റിഗ്ഗുകൾ യഥേഷ്ടം കുഴൽകിണറുകൾ നിർമ്മിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാം; | ഡി) | രജിസ്റ്റർ ചെയ്യാത്ത സ്വകാര്യ റിഗ്ഗുകൾ കുഴൽക്കിണറുകൾ കുഴിക്കുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. അനധികൃതമായി കുഴൽക്കിണർ നിർമ്മാണത്തിൽ ഏർപ്പെടുന്ന പ്രൈവറ്റ് റിഗ്ഗുകൾക്ക് പിഴ ഈടാക്കുകയും പിന്നീട് പ്രസ്തുത ഏജൻസികൾക്ക് രജിസ്ട്രേഷൻ പുതുക്കി നൽകാതിരിക്കുകയും ചെയ്യുന്നു. |
| ഇ) | സംസ്ഥാനത്തെ നോട്ടിഫൈഡ് ബ്ലോക്കുകൾ ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ അനധികൃത കുഴൽ കിണർ നിർമ്മാണം നടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അനധികൃത കുഴൽകിണർ നിർമ്മാണം കണ്ടെത്തുന്നതിനും തടയുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | ഇ) | ഉണ്ട്. അനധികൃതമായ കുഴൽക്കണർ നിർമ്മാണം വിജ്ഞാപനം (നോട്ടിഫൈഡ്) ചെയ്യപ്പെട്ട ബ്ലോക്കുകളിൽ ശ്രദ്ധയിൽപ്പെട്ടാൽ ഭൂജല നിയന്ത്രണവും ക്രമീകരണവും ആക്റ്റ് 2002-ൽ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ